

# ജറുസലെം ദൈവരാജ്യം

2023 സെപ്റ്റംബർ 1 വാല്യം 10 ലക്കം 12

## പരിശുദ്ധ അമ്മയുടെ തിരുന്നാൾ ആശംസകൾ!



പട്ടത്തച്ചൻ

# വിനയത്തിൻ മാതൃകയായ പരിശുദ്ധ അമ്മ




ദൈവവചനം ശ്രവിയ്ക്കുകയും അത് വിശ്വസിക്കുകയും ധ്യാനിക്കുകയും അത് മാത്രം നിറവേറ്റുന്നതിൽ സന്തോഷം കണ്ടെത്തുന്നവളുമായ നന്മ നിറഞ്ഞവളാണ് പരിശുദ്ധ അമ്മ. പരിശുദ്ധ അമ്മ നമുക്ക് മാതൃകയും വഴികാട്ടിയുമാണ്. പ്രസാദവരപൂർണ്ണയായ പരിശുദ്ധ അമ്മ ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ എന്ന് പറഞ്ഞു. പിശാചിനെ തകർക്കുന്ന ആയുധമാണ് എളിമ. ഈ എളിമയും താഴ്ചയുമാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ വിജയരഹസ്യം. സ്വന്തം തെറ്റുകളെ ന്യായീകരിക്കാതെ അതിവേഗം കണ്ടെത്താനും തിരുത്താനും എളിമയുള്ള ഹൃദയമുള്ള അമ്മയ്ക്ക് കഴിയുന്നു. കഠിനമായ വേദനകളിലും പൈശാചിക പീഡകളിലും ആസക്തികളോട് വിടപറയാൻ എളിമ നമ്മെ സഹായിക്കുന്നു. ഞാൻ പാപിയാണെന്നും നിസ്സാരനാണെന്നുമുള്ള ചിന്ത സ്വർഗ്ഗത്തോളം നമ്മെ അടുപ്പിക്കുന്നു.

പാപമില്ലാതെ ജീവിക്കുവാൻ എളിമ നമ്മെ സഹായിക്കുന്നു. കർത്താവിന്റെ ശക്തിയും മഹത്വവും അവനിൽ പ്രകാശിതമായി തീരും. മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി പരിഗണിക്കാൻ പ്രാപ്തരാക്കുന്ന പുണ്യമാണ് വിനയം. നമ്മുടെ അറിവിലും നേട്ടത്തിലും അ 1മാനിക്കാൻ തുടങ്ങുമ്പോൾ അഹങ്കാരം നമ്മിലേയ്ക്ക് കടന്നുവരുന്നു. കടുത്ത നിരാശയിലേയ്ക്കും വിട്ടുമാറാത്ത മദ്യാസക്തിയിലേയ്ക്കും മാനസിക രോഗങ്ങളിലേയ്ക്കും വിട്ടുമാറാത്ത ദാരിദ്ര്യത്തിലേയ്ക്കും അശ്ലീലമായ പാപബന്ധങ്ങളിലേയ്ക്കും കടന്നുപോകുന്നത് അഹങ്കാരം നമ്മിൽ നിറയുമ്പോഴാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ താഴ്മയെ ദൈവം കടാക്ഷിച്ചു. തന്നെത്തന്നെ താഴ്ത്തലാണ്, ചെറുതാകലാണ്, എളിമപ്പെടുത്തലാണ് പരിശുദ്ധഅമ്മ നമ്മോട് പറയുന്ന ഏറ്റവും വലിയ സുകൃതം. ഈശോ വളരാൻ ഞാൻ സ്വയം ചെറുതാകണം. വിശുദ്ധ സ്നാപക യോഹന്നാൻ പറയുന്നു: അവൻ വലുതാകുകയും ഞാൻ ചെറുതാകുകയും വേണം. ഏത് പ്രതിസന്ധികളേയും സാഹചര്യങ്ങളേയും അതിജീവിക്കാൻ മാതാവിന്റെ അഗാധമായ എളിമ നമ്മെ സഹായിക്കട്ടെ. ദൈവകൃപ നിറയാനും കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ വിശ്വസിക്കാനും എളിമയാണ് മാതാവിന് സഹായമായത്.

മാതാവിന്റെ എളിമയും
തീക്ഷ്ണമായ ദൈവസ്നേഹവും
ആത്മാക്കളോടുള്ള തീക്ഷ്ണതയും
ഉറച്ച ശരണവും വഴി

അനുദിനജീവിതത്തിൽ യേശുവിനെ ആവിഷ്കരിക്കാൻ നമുക്ക് കഴിയട്ടെ. ഓഗസ്റ്റ് 5 മുതൽ സെപ്റ്റംബർ 8 വരെ ഞാനും എന്റെ കുടുംബവും ചൊല്ലുന്ന നന്മ നിറഞ്ഞ പ്രാർത്ഥനയും സമ്പൂർണ്ണ ബൈബിൾ പാരായണവും യേശുവിന്റെ കരത്തിലെ ഒരു ഉപകരണമായി തീരാൻ നമ്മെ സഹായിക്കട്ടെ. കോടിയർച്ചനയിൽ പങ്കുചേർന്ന് ജപമാല ചൊല്ലിയും ഉത്തരീയം ധരിച്ചും വചനപാരായണത്തിൽ പങ്കുചേർന്നും മാതാവിനോടുള്ള സ്നേഹത്തിൽ നമുക്ക് പങ്കുചേരാം. സെപ്റ്റംബർ 5ഉം സെപ്റ്റംബർ 8ഉം അനുഗ്രഹീതമായ ദിനങ്ങളായി മാറട്ടെ. എല്ലാവർക്കും മാതാവിന്റെ ജന്മതിരുനാളിന്റെ പ്രാർത്ഥനകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു.

# ജറുസലെംനാഥയ്ക്ക് പിറന്നാൾ മംഗളങ്ങൾ



ഫാ. ഡേവീസ് പട്ടത്ത് CMI (ഡയറക്ടർ)



റവ. ഡോ. ലൂഷ്യസ് നെരേപ്പറമ്പിൽ CMI (സ്പിരിച്ചൽ ഫാദർ)



ഫാ. ജോ പാച്ചേരിയിൽ CMI (അഡ്മിനിസ്ട്രേറ്റർ)



ഫാ. ദേവസ്യ കാനാട്ട് CMI (അസി. ഡയറക്ടർ)



ഫാ. സിജോ തയ്യാലയ്ക്കൽ CMI (അസി. ഡയറക്ടർ)



ഫാ. ജോസ് പയ്യപ്പിള്ളി CMI (അസി. ഡയറക്ടർ)



ഫാ. ജിയാന്റോ മാഞ്ഞൂരാൻ CMI (അസി. ഡയറക്ടർ)



ബ്രദർ ക്രിസ്റ്റോ പേങ്ങിപറമ്പിൽ

**അനുഗ്രഹദായകമായ 28 വർഷങ്ങൾ**
**ജനലക്ഷങ്ങളുടെ അ  യകേന്ദ്രം**
**സൗഖ്യദായകമായ ദിവ്യകാരുണ്യാരാധന**
**ബന്ധന വിടുതൽ ശുശ്രൂഷകൾ**
**വചനഗന്ധിയായ സുവിശേഷപ്രഘോഷണങ്ങൾ**
**അത്ഭുത സാക്ഷ്യങ്ങൾ**
**പുണ്യ  മിയായ ജറുസലെം**
**ജറുസലെംനാഥയ്ക്ക് തിരുനാൾ ആശംസകൾ**

**40 ദിവസമായി കോടിയർച്ചനകളിൽ പങ്കുചേരുന്ന മരിയ  ക്തർക്ക് അ 1നന്ദനങ്ങൾ ! പ്രാർത്ഥനകൾ**



**ദിവ്യകാരുണ്യ സൗഖ്യാരാധന ജപമാല ആശീർവ്വാദവും വിതരണവും**



**മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടന്ന പ്രാർത്ഥനാശുശ്രൂഷ**



# “ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോടു ബന്ധുത്വം കൂടേണ്ട.”



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. [ഹെബ്രായർ 13: 8]**

## ദിവ്യകാരുണ്യനാഥൻ നൽകിയ സൗഖ്യം



**സി. വിൻസി,** സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി

മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെ നാം നടന്നാലും ഈശോ കൂടെയുണ്ടെങ്കിൽ നാം രക്ഷ പ്രാപിക്കും. എന്റെ അമ്മയ്ക്ക് 78 വയസ്സുണ്ട്. കാലിന് വേദന മൂലം ഡോക്ടറെ കണ്ടപ്പോൾ സർജറി ചെയ്യണമെന്ന് പറഞ്ഞു. അതിനുവേണ്ടി രാജസ്ഥാനിലെ സഹോദരിയുടെ വനത്തിലേക്ക് കൊണ്ടുപോവുകയും ആശുപത്രിയിൽ അഡ്മിറ്റ് ആക്കി കാൽമുട്ടിന്റെ സർജറി ചെയ്യുകയും ചെയ്തു. സർജറി കഴിഞ്ഞ് കുഴപ്പമൊന്നും ഉണ്ടായില്ല. ഡിസ്ചാർജ് ചെയ്ത് വീട്ടിൽ വന്നതിനുശേഷം 3 ദിവസം കഴിഞ്ഞ് ഡയേറിയയും വൊമിറ്റിങ്ങും ഉണ്ടായി. അതുമൂലം ബി. പി. കുറഞ്ഞുപോയി. ആശുപത്രിയിൽ കൊണ്ടുചെന്നപ്പോൾ അഡ്മിറ്റ് ചെയ്യേണ്ട എന്നു പറഞ്ഞതനുസരിച്ച് വീട്ടിൽ കൊണ്ടുവന്നു. അന്നുതന്നെ രാത്രിയിൽ വീണ്ടും ബി. പി. നോക്കിയപ്പോൾ കുറയുകയും ആശുപത്രിയിൽ കൊണ്ടുചെന്ന് അഡ്മിറ്റ് ചെയ്യുകയും ചെയ്തു. പിന്നീട് ബ്ലഡ് ടെസ്റ്റ് ചെയ്തപ്പോൾ റിസൽട്ട് വ്യത്യാസം ഉണ്ടാവുകയും അമ്മയുടെ സ്ഥിതി ഗുരുതരമാവുകയും ചെയ്തു. തുടർന്ന് ഐ. സി.. യു. വിലേക്ക് മാറ്റി. പിന്നീട് ഓരോ ദിവസവും കഴിയുന്തോറും അമ്മയുടെ സ്ഥിതി മോശമായി. ബി. പി. കൂടുന്നില്ല. അമ്മയുടെ ഓർമ്മ പോയി. ഇൻഫെക്ഷൻ ശരീരത്തിൽ എല്ലാ അവയവങ്ങളിലേക്കും ആയിട്ടുണ്ട്. രക്ഷപ്പെടാൻ സാധിക്കുമെന്ന് ഉറപ്പില്ല എന്നാണ് ഡോക്ടർമാർ പറഞ്ഞത്. ഞങ്ങൾ അന്നുതന്നെ ജറുസലെമിലേക്ക് വിളിച്ച് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. സൗഖ്യാരാധന പ്രാർത്ഥനയിൽ 33 ദിവസം പങ്കെടുത്തു. അതിൻപ്രകാരം ഞങ്ങൾ ഐ. സി. യു. വിൽ പ്രാർത്ഥന വെച്ചുകൊടുത്തു. പിന്നീട് അമ്മയുടെ അസുഖം ഓരോ ദിവസവും ഇംപ്രൂവ് ചെയ്തു. ഒന്നര മാസം ഐ. സി. യു. വിൽ ആയിരുന്നു. തുടർന്ന് അമ്മച്ചിയെ ഡിസ്ചാർജ് ചെയ്തു. ഇത്രയും വലിയ അനുഗ്രഹം തന്ന ദൈവത്തിന് നന്ദി. പരിശുദ്ധ അമ്മയ്ക്കും ഒരായിരം നന്ദി.

**പ്രാർത്ഥനാനിയോഗങ്ങൾ**
**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ
പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

*നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 91:10)*



## അമൂല്യ സമ്മാനം



**സാമുവൽ ജോസഫ്,** മൂലൻ മാത്തൻചിറ ഹൗസ്, കാട്ടൂർ റോഡ്, ഇരിങ്ങാലക്കുട

കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയെ ആശ്രയിക്കയുമരുത്. പൂർണ്ണഹൃദയത്തോടെ കർത്താവിൽ വിശ്വാസമർപ്പിച്ചപ്പോൾ വിവാഹം കഴിഞ്ഞ് 17-ാമത്തെ വർഷം ഈശോ ഞങ്ങൾക്ക് കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. ഞങ്ങൾ 5 വർഷത്തോളം കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷയിൽ (മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച നടത്തുന്നത്) വന്ന് പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥനയും വിശുദ്ധ കുർബ്ബാനയും ഞങ്ങളെ വിശുദ്ധീകരിച്ചപ്പോൾ മനസ്സിൽ പ്രത്യാശയും ആനന്ദവും നിറഞ്ഞു. ദൈവവചനങ്ങൾ ഞങ്ങൾക്ക് ഔഷധമായി. ദിവ്യവൈദ്യനായ ഈശോനാഥൻ ഞങ്ങളെ വിശുദ്ധീകരിച്ചപ്പോൾ ഞങ്ങളുടെ ദാമ്പത്യ ജീവിതം അനുഗ്രഹിക്കപ്പെട്ടു.

## കർത്താവിൽ ആശ്രയിച്ചപ്പോൾ



**ലിസ്സി,** കൂനംമ്മാക്കൽ ഹൗസ്, രത ഇടവക, ചെമ്പംകണ്ടം, പൊന്നൂക്കര

“കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ. അവിടുത്തെ ആശ്രയിക്കുന്നവർ ാഗ്യവാന്മാർ" (സങ്കീ. 34:8). കർത്താവിൽ ആശ്രയിച്ചപ്പോൾ എന്റെ മകളുടെ കുടുംബത്തെ ദൈവമനുഗ്രഹിച്ചു. മകൾക്ക് ഒരു കുഞ്ഞുണ്ടായതിനു ശേഷം 3 പ്രാവശ്യം ഗർ ിണിയായെങ്കിലും അബോർഷനായി പോയി. വളരെ ദു:ഖത്തോടെ കടന്നുപോയിരുന്ന അവരുടെ ജീവിതത്തിൽ വീണ്ടുമൊരു കുഞ്ഞിനെ നൽകിയനുഗ്രഹിക്കണമെന്ന് ജറുസലെം നാഥനോട് നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുകയും വെള്ളിയാഴ്ചകളിലെ ആരാധനയിലും വിശുദ്ധ കുർബ്ബാനയിലും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ദൈവം അനുഗ്രഹമായി ഒരു ആൺകുഞ്ഞിനെ നൽകിയനുഗ്രഹിച്ചു. ദൈവമേ നന്ദി.

## കർത്താവിനോട് ചേർന്നുനിന്നപ്പോൾ



**എൽസി ജോസ്,** അക്കരപറമ്പിൽ ഹൗസ്, അടാട്ട്

2 ദിന 15:2 ഇപ്രകാരമാണ്: “നിങ്ങൾ കർത്താവിനോട് ചേർന്നിരിക്കുന്നിടത്തോളം കാലം അവിടുന്ന് നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ അവിടുന്ന് ഞങ്ങൾക്ക് ഉത്തരമരുളി. എന്റെ മകന്റെ വിവാഹം കഴിഞ്ഞ് അഞ്ചര വർഷമായിട്ടും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. ജറുസലെം വചനകൂടാരത്തിൽ വന്ന് ആറു മാസം പ്രാർത്ഥിച്ചതിന്റെ ഫലമായി മകന് ഒരു കുഞ്ഞിനെ നൽകി ഈശോ അനുഗ്രഹിച്ചു. എന്റെ കണ്ണിന് കാഴ്ചയില്ലാതെ വന്നപ്പോൾ വചനകൂടാരത്തിൽ വന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചതിനുശേഷം ഓപ്പറേഷൻ നടത്തി. എന്റെ കണ്ണിന് കാഴ്ചശക്തി തിരിച്ചുതന്ന് ജറുസലെംനാഥൻ അനുഗ്രഹിച്ചു.

## നിലവിളിയോടെ പ്രാർത്ഥിച്ചപ്പോൾ



**ഡെയ്സി,** കാഞ്ഞിരത്തിങ്കൽ ഹൗസ്, വെളുത്തൂർ

“രാത്രിയിൽ യാമങ്ങളുടെ ആരം ത്തിൽ എഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിന്റെ സന്നിധിയിൽ ജലധാരപോലെ നിന്റെ ഹൃദയത്തെ ചൊരിയുക" (വിലാ. 2:19). എന്റെ മകന് പെട്ടെന്ന് പുറംവേദനയും ഗ്യാസിന്റെ ബുദ്ധിമുട്ടും ഉണ്ടായപ്പോൾ ഡോക്ടറെ കണ്ടു. നീർക്കെട്ടാണെന്നു പറഞ്ഞ് ഡോക്ടർ മരുന്നു തന്നു. വേദനയ്ക്ക് ഒട്ടും കുറവില്ലാതെ വന്നപ്പോൾ വീണ്ടും മൂന്ന് ഡോക്ടേഴ്സിനെ മാറ്റി കാണിച്ചു. ഞാൻ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിച്ച് രോഗം എന്താണെന്ന് വെളിപ്പെടുത്തി കൊടുക്കണേ എന്ന് പ്രാർത്ഥിച്ചു. അമല ഹോസ്പിറ്റലിൽ ചെന്ന് ഇക്കോ ടെസ്റ്റ് നടത്തിയപ്പോൾ ഹാർട്ടിലേക്കുള്ള രക്തക്കുഴൽ പൊട്ടിയിരുന്നു. ഉടൻതന്നെ ഓപ്പറേഷൻ വേണം എന്ന് പറഞ്ഞു. മകനെ അമൃത ആശുപത്രിയിലേക്ക് കൊണ്ടുപോയി. സങ്കീർണ്ണമായ അവസ്ഥയാണെന്ന് ഡോക്ടർമാർ മുന്നറിയിപ്പ് നൽകി. ഞങ്ങൾ ദൈവത്തിൽ ഉറച്ച് വിശ്വസിച്ചു. സൗഖ്യത്തിനായി പ്രാർത്ഥിച്ചു. രണ്ട് ഓപ്പറേഷൻ നടത്തേണ്ടിവന്നു. ജറുസലെംനാഥയോട് പ്രാർത്ഥിച്ചു. അ ിഷിക്തരോട് പ്രാർത്ഥനാസഹായം യാചിച്ചു. അതിന്റെ ഫലമായി മകന് പൂർണ്ണസൗഖ്യം കിട്ടി. അൾത്താരയിലെ സാക്ഷിയായി തീർന്നതിന് ഈശോയ്ക്ക് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിച്ചപ്പോൾ

**ലില്ലി ജോയി,** മുതുപാലയ്ക്കൽ ഹൗസ്, കട്ടിലപ്പൂവം



കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ മാരകമായ കാൻസർ രോഗത്തിൽനിന്ന് വിടുതൽ നൽകി ഈശോ അനുഗ്രഹിച്ചു. എന്റെ തൈറോയ്ഡ് സർജറി കഴിഞ്ഞ് 15 ദിവസത്തിനു ശേഷം ബയോപ്സിയുടെ റിസൽട്ട് വന്നപ്പോൾ അതിൽ കാൻസർ സെല്ലുകൾ ഉണ്ടെന്ന് പറയുകയും തിരുവനന്തപുരത്തേയ്ക്ക് റഫർ ചെയ്യുകയും ചെയ്തു. അതുകൊണ്ട് ഞങ്ങൾ ജറുസലെമിൽ ധ്യാനത്തിന് വരാറുണ്ടായിരുന്നു. ചികിത്സയ്ക്കായി അമല ആശുപത്രിയിൽ പോയപ്പോൾ ഇങ്ങനെ പ്രാർത്ഥിച്ചു: “ദിവ്യവൈദ്യനും ഔഷധവുമായ എന്റെ ഈശോയെ എന്നിൽവന്ന് നിറയണമേ" എന്ന് പ്രാർത്ഥിച്ചു. ഏഴ് വെള്ളിയാഴ്ചകൾ ജറുസലെം വചനകൂടാരത്തിലെ പ്രാർത്ഥനാശുശ്രൂഷകളിലും വിശുദ്ധ കുർബ്ബാനയിലും വന്ന് സംബന്ധിച്ചുകൊള്ളാം എന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ശരീരം സ്കാൻ ചെയ്യുകയും രക്തം പരിശോധിക്കുകയും ചെയ്തപ്പോൾ ആ റിസൽറ്റിൽ കാൻസർ സെല്ലുകൾ ഒന്നും തന്നെ കണ്ടെത്താൻ സാധിച്ചില്ല. ദൈവമേ നന്ദി.

## ദൈവമേ നന്ദി



**റീന തോമാസ്,** കുറ്റിക്കാടൻ ഹൗസ്, പി. ഒ. കാരൂർ

2 രാജ 20:5 തിരുവചനം ഇപ്രകാരമാണ്: “ഞാൻ നിന്റെ കണ്ണീർ കാണുകയും നിന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും" സൗഖ്യം നൽകിയ ദൈവമേ നന്ദി. എന്റെ മകളുടെ രണ്ട് ചെവികളിൽനിന്നും പഴുപ്പ് വരുമായിരുന്നു. ഡോക്ടറെ കാണിച്ചപ്പോൾ ഓപ്പറേഷനിലൂടെ മാത്രമേ സൗഖ്യപ്പെടൂ എന്ന് പറഞ്ഞു. ഞാൻ വചനകൂടാരത്തിൽ വന്ന് നിയോഗം വെച്ച് ഏഴ് വെള്ളിയാഴ്ചകളിൽ വന്ന് പ്രാർത്ഥിച്ചു. കഴിഞ്ഞ വർഷം മോളുടെ വലത് ചെവിയുടെ ഓപ്പറേഷൻ നടന്നു. അത് വിജയിക്കുകയും ചെയ്തു. വീണ്ടും ഒരു വർഷം ആകാറായപ്പോൾ മോളുടെ ഇടത് ചെവിയിൽനിന്നും പഴുപ്പ് വരുവാൻ തുടങ്ങി. ഡോക്ടർ ആ ചെവിയ്ക്കും ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. ആ സമയം ഞാൻ മാതാവിനോട് പ്രാർത്ഥിച്ചു. ഓപ്പറേഷൻ ഇല്ലാതെ മകളെ സുഖപ്പെടുത്തിയാൽ ഞാൻ ജറുസലെമിൽ വന്ന് സാക്ഷ്യം പറയാമെന്ന് നിയോഗം വെച്ച് ഏഴ് വെള്ളിയാഴ്ചകളിൽ ആരാധനയിലും വിശുദ്ധ കുർബ്ബാനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചപ്പോൾ ഓപ്പറേഷൻ ഇല്ലാതെ ദൈവം മകളെ സുഖപ്പെടുത്തി. ജറുസലെംനാഥനും അമ്മയ്ക്കും ഒരായിരം നന്ദി പറയുന്നു.

## കർത്താവിന്റെ കരത്തിൻ തണലിൽ

**റിബി,** കോട്ടയ്ക്കൽ ഹൗസ്, ആനന്ദപുരം



ഏശയ്യ 51:16 തിരുവചനം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു: “എന്റെ വചനം നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. എന്റെ കരത്തിൻ തണലിൽ ഞാൻ നിന്നെ മറച്ചിരിക്കുന്നു" എന്റെ ഗർ ാവസ്ഥയിൽ സ്കാൻ ചെയ്തപ്പോൾ കുഞ്ഞിന് കിഡ്നിയിൽ നീർക്കെട്ട് ആണെന്ന് പറഞ്ഞു. വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി മരുന്ന് ഒന്നും ഉപയോഗിക്കാതെ കിഡ്നിയിലെ നീർക്കെട്ട് യേശുനാഥൻ മാറ്റിത്തന്നു. യേശുനാഥന് നന്ദിയും സ്തുതിയുമേകുന്നു. എന്റെ ർത്താവിന് ജോലി നഷ്ടപ്പെട്ടപ്പോൾ ഞങ്ങൾ വളരെയധികം വേദനിച്ചു. വചനകൂടാരത്തിൽ വന്ന് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചപ്പോൾ വീണ്ടും ജോലി നൽകി യേശുനാഥൻ അനുഗ്രഹിച്ചു. യേശുവേ സ്തോത്രം, യേശുവേ നന്ദി.

## പ്രാർത്ഥന കേട്ട ജറുസലെംനാഥൻ



**മേഴ്സി,** പാലത്തടത്തിൽ ഹൗസ്, എറണാകുളം

സഹനം മനുഷ്യമക്കൾക്ക് സാധാരണമാണ്. സഹനമാണ് നമ്മെ വിശുദ്ധിയിലേയ്ക്ക് ഉയർത്തുന്നത്. പ്രാർത്ഥനയാണ് നമ്മെ സഹിക്കാൻ സഹായിക്കുന്നത്. സഹനങ്ങളിൽ, രോഗങ്ങ



# “ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കളാണ് ഒരു കുടുംബത്തിന്റെ സന്തോഷം.”



ളിൽ നാം ദൈവത്തോട് വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്ന് നമ്മെ സൗഖ്യപ്പെടുത്തും. എന്റെ ചേച്ചിയുടെ മകന് കുടലിൽ ബ്ലോക്ക് വന്ന് ഓപ്പറേഷൻ ചെയ്തു. കാൻസർ ടെസ്റ്റിന് അയച്ചപ്പോൾ നെഗറ്റീവാകാൻ വേണ്ടി ഞാൻ നിയോഗം വെച്ച് മൂന്ന് വെള്ളിയാഴ്ചകളിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി കാൻസർ ഇല്ലായെന്ന് റിസൽട്ട് വന്നു. യേശുവേ സ്തോത്രം, യേശുവേ നന്ദി.

## ദൈവികമഹത്വം ദർശിച്ചപ്പോൾ

**ഗീത,** ആണ്ടിമഠം പി. ഒ., പെരിഞ്ചേരി



ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ; അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും. യേശുനാഥന്റെ പീഡകളോട് ചേർന്നു നിന്നപ്പോൾ എന്നിൽ ദൈവികമഹത്വം വെളിപ്പെട്ടു. എനിക്ക് ബ്രസ്റ്റിൽ കാൻസർ ആയിരുന്നു. കീമോയും റേഡിയേഷനും കഴിഞ്ഞു. അടുത്ത മാമോഗ്രാമിൽ ഒരു കുഴപ്പവും ഉണ്ടാകാതിരിക്കാൻ ഏഴ് വെള്ളിയാഴ്ച ജറുസലെമിൽ വന്ന് നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി മാമോഗ്രാമിൽ ഒരു കുഴപ്പവും ഉണ്ടായില്ല. യേശുനാഥന് നന്ദിയേകുന്നു. 8 കൊല്ലമായി വയറുവേദനമൂലം ഞാൻ ബുദ്ധിമുട്ടനുവിക്കുന്നുണ്ടായിരുന്നു. അ ിഷിക്ത പ്രാർത്ഥനയുടെ ഫലമായി എനിക്ക് സൗഖ്യം ല ിച്ചു. എന്റെ കൈവിരലിൽ എല്ലിന്റെ മുകളിൽ പാട ഉണ്ടായിരുന്നു. സർജറി വേണം എന്ന് ഡോക്ടർ പറഞ്ഞിരുന്നു. ജറുസലെം നാഥന്റെ അനുഗ്രഹം മൂലം സർജറി കൂടാതെ വേദന മാറി കിട്ടിയതിന് നന്ദി പറയുന്നു.

## സുഖപ്പെടുത്തുന്ന കർത്താവ്

**ജൂബി ജേയ്ക്കബ്,** കാട്ടീളപ്പീടിക ഹൗസ്, വെണ്ടോർ, അളഗപ്പനഗർ



പുറപ്പാട് 13:26 ഇപ്രകാരമാണ്: “ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്” എന്റെ കഷ്ടതകളിൽ, വേദനകളിൽ സൗഖ്യം നൽകി അനുഗ്രഹിച്ചത് കർത്താവാണ്. ഉദരസംബന്ധമായ അസുഖങ്ങളെ തുടർന്ന് സ്കാൻ ചെയ്തപ്പോഴാണ് ഇടതുവശത്തെ ഓവറിയിൽ സിസ്റ്റ് ആണെന്ന് പറഞ്ഞത്. സർജറി ചെയ്യാൻ ഡോക്ടർമാർ ആവശ്യപ്പെട്ടു. ഞങ്ങൾ ജറുസലെംനാഥന്റെ അടുത്തുവന്ന് പ്രാർത്ഥിക്കുകയും പട്ടത്തച്ചനെ കണ്ട് അനുഗ്രഹം വാങ്ങുകയും ചെയ്തു. ജറുസലെം വചനകൂടാരത്തിൽ മാസാദ്യ ശനിയാഴ്ച നടക്കുന്ന രോഗശാന്തി പ്രാർത്ഥനയിൽ വന്ന് പ്രാർത്ഥിച്ചു. ദിവ്യകാരുണ്യനാഥനെ തൊട്ട് പ്രാർത്ഥിച്ചു. തുടർന്ന് രണ്ടാമത്തെ സ്കാൻ ചെയ്തു. അതിലെ റിപ്പോർട്ടിൽ സിസ്റ്റ് നോർമ്മൽ ആവുകയും സർജറി വേണ്ട എന്ന് ഡോക്ടർ പറയുകയും ചെയ്തു. പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും നന്ദിയേകുന്നു.

## സൗഖ്യദായകനായ യേശുനാഥൻ

**റൂബി ജോസഫ്,** എണ്ണയ്ക്കാപറമ്പിൽ ഹൗസ്, തലോർ



“നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ, സം വിച്ചാലെന്നപോലെ പരി മിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ” (1 പത്രോ 4: 12, 13). കഴിഞ്ഞ മാസം എനിയ്ക്ക് തൈറോഡെക്ടമി സർജറി ചെയ്യേണ്ട സാഹചര്യം ഉണ്ടായി. ഞാൻ ജറുസലെം ശുശ്രൂഷകളിൽ സാധിക്കുന്ന ദിവസങ്ങളിലൊക്കെ പങ്കെടുക്കുന്ന വ്യക്തിയാണ്. ഓപ്പറേഷന് മുമ്പ് ഞാൻ അച്ചനെ വന്നുകണ്ട് പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു. എനിയ്ക്ക് പ്രാർത്ഥിക്കാൻ അച്ചൻ തന്ന വചനം ‘ ഈശോയെ അങ്ങേ തിരുരക്തം കൊണ്ട് എന്നെ കഴുകി വിശുദ്ധീകരിച്ച് പൂർണ്ണസൗഖ്യം നൽകണമേ’ എന്ന വചനമാണ്. ഞാൻ ആ വചനത്തിൽ വിശ്വസിച്ചു. ഓപ്പറേഷനുശേഷം എടുത്ത സ്പെസിമൻ വിചാരിച്ചതിലും വലുപ്പമുള്ളതുകൊണ്ട് ബയോപ്സി റിസൽട്ടിനെക്കുറിച്ച് ഏറെ ആശങ്കയുണ്ടായിരുന്നു. ഡിസ്ചാർജ് ആയിവന്ന ഞാൻ എനിയ്ക്ക് ഒരാഴ്ചയ്ക്കു ശേഷം കിട്ടേണ്ട ബയോപ്സി റിപ്പോർട്ടിന്റെ മാതൃകയിൽ, ഒരു പേപ്പറിൽ നോർമൽ റിസൽട്ട് എന്നെഴുതി സൈൻ ചെയ്യേണ്ട പാത്തോളജിസ്റ്റിന്റെ സ്ഥാനത്ത് ഈശോയുടേയും മാതാവിന്റേയും പേരെഴുതി കുരിശടയാളം വരച്ച് നോർമൽ ബയോപ്സി റിപ്പോർട്ടിനുവേണ്ടി പ്രാർത്ഥിച്ചു. മാതാവിന്റെ മാദ്ധ്യസ്ഥത്താൽ, ഈശോയുടെ കാരുണ്യത്താൽ എനിയ്ക്ക് നോർമൽ ബയോപ്സി റിപ്പോർട്ട് നൽകി ഈശോ എന്നെ അനുഗ്രഹിച്ചു.

## ദൈവമേ നന്ദി

**ട്രെസി ലോറൻസ്,** വെള്ളായിൽ ഹൗസ്, പെരുവാംകുളങ്ങര



ജ്ഞാനം 16:12 ഇപ്രകാരമാണ്: “കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല എല്ലാവരേയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്” എന്റെ മകളുടെ കുഞ്ഞിന് മുഖത്ത് നിറവ്യത്യാസം ഉണ്ടായിരുന്നു. ഡോക്ടർമാരെ കാണിച്ചപ്പോൾ ചുണങ്ങാണെന്ന് പറഞ്ഞു. ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് അഞ്ച് ആഴ്ച പരിശുദ്ധ കുർബ്ബാനയിലും ആരാധനയിലും നിയോഗം വെച്ച് പ്രാർത്ഥിച്ചപ്പോൾ സൗഖ്യം നൽകി ഈശോ അനുഗ്രഹിച്ചു. കൂടാതെ മകളുടെ കുഞ്ഞിന് എന്നും ജലദോഷം തുടർച്ചയായി വരുന്നതുമൂലം കുഞ്ഞ് വല്ലാതെ ബുദ്ധിമുട്ടിയിരുന്നു. പരിശുദ്ധ അമ്മ കുഞ്ഞിനെ സൗഖ്യപ്പെടുത്തി. എന്റെ രണ്ട് പെൺമക്കൾക്കും ചെറിയ ജോലി നൽകി ഈശോ അനുഗ്രഹിച്ചു. ഞാൻ മാതാവിന്റെ വെളിച്ചെണ്ണ ഉണ്ണിയെ കുളിപ്പിക്കുന്ന വെളിച്ചെണ്ണയിൽ ഒഴിച്ച് പ്രാർത്ഥിച്ചിരുന്നു. ദിവ്യലേപനമായ എണ്ണ പുരട്ടിയപ്പോൾ ഉണ്ണിയുടെ ചുണങ്ങ് മാറിക്കിട്ടി. കുഞ്ഞുങ്ങൾക്കും അവരുടെ അമ്മമാർക്കും ല ിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ദൈവസന്നിധിയിൽ നന്ദിയേകുന്നു.

## കർത്താവിന്റെ വാത്സല്യം

**രാധാകൃഷ്ണൻ,** കിഴക്കുംപുറം ഹൗസ്, കുട്ടനെല്ലൂർ



“അങ്ങ് എനിക്കു രക്ഷയുടെ പരിച നൽകി. അവിടുത്തെ വലംകൈ എന്നെ താങ്ങി നിർത്തി. അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി” (സങ്കീ. 18:35). സങ്കീർണ്ണമായ രോഗാവസ്ഥകളോടെയാണ് ഞാൻ വചനകൂടാരത്തിൽ വന്നണഞ്ഞത്. ഏഴ് വെള്ളിയാഴ്ചകളിൽ പ്രത്യേക നിയോഗത്തോടെ പരിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ മാരകമായ കൃൻസർ രോഗത്തിൽനിന്നും വേദനയേറിയ കാലിലെ ആണിരോഗത്തിൽനിന്നും മറ്റു പല ശാരീരികാവസ്ഥകളിൽനിന്നും സൗഖ്യം നൽകി ഈശോനാഥൻ അനുഗ്രഹിച്ചു.

## ദിവ്യൗഷധമായ ദിവ്യലേപനം

**ലൂവിസ്,** പാണേങ്ങാടൻ ഹൗസ്, പുറനാട്ടുകര



അനേകരെ സൗഖ്യപ്പെടുത്തിയ നിലവിളക്കിലെ എണ്ണ എനിക്കും സൗഖ്യം നൽകി. എന്റെ ഇടതു കൈയിൽ ചൊറിച്ചിൽ ഉണ്ടായിരുന്നു. ചൊറിച്ചിൽ മാറിക്കിട്ടുന്നതിനായി പ്രത്യേക നിയോഗത്തോടെ ജറുസലെമിൽ വന്ന് പ്രാർത്ഥിച്ചു, എല്ലാ വെള്ളിയാഴ്ചയിലും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് സൗഖ്യത്തിനായി പ്രാർത്ഥിച്ചതിന്റെ ഫലമായി ചൊറിച്ചിലും പഴുപ്പും സൗഖ്യപ്പെട്ടു. നിലവിളക്കിലെ ദിവ്യലേപനമായ എണ്ണയിൽ ആരാധനയിൽ ല ിക്കുന്ന റോസപുഷ്പം ഇട്ട് അസുഖമുള്ള ാഗത്ത് പുരട്ടി സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ദിവ്യകാരുണ്യനാഥൻ സൗഖ്യം നൽകിയനുഗ്രഹിച്ചു. യേശുവെ നന്ദി.

## ശക്തിയേകിയ ദൈവം

**ബെൻസി,** പാപ്പിള്ളി ഹൗസ്, പട്ടിക്കാട്



ഏശ. 40:29 ഇപ്രകാരമാണ്: “തളർന്നവന് അവിടുന്ന് ബലം നൽകുന്നു. ദുർബ്ബലന് ശക്തി പകരുകയും ചെയ്യുന്നു” എന്റെ മകൾ പാർക്കിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഊഞ്ഞാലിൽനിന്ന് വീണ് കൈയുടെ ലിഗ്മെന്റ് നീങ്ങിപ്പോയി. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞു. ഓപ്പറേഷൻ തിയേറ്ററിലേക്ക് കയറ്റിയപ്പോഴും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അര മണിക്കൂർ കഴിഞ്ഞപ്പോൾ ഓപ്പറേഷൻ വേണ്ട എന്നും പൊസിഷൻ മാറ്റി പ്ലാസ്റ്റർ ഇട്ടാൽ മതി എന്നും പറഞ്ഞു. എന്റെ മകന് വിദേശത്ത് ല ിച്ച ജോലി അവൻ പഠിച്ച വി ാഗം അല്ലായിരുന്നു. പ്രാർത്ഥിച്ച് കാത്തിരുന്നു. സാധിക്കുന്ന വെള്ളിയാഴ്ചകളിൽ ജറുസലെമിൽ വന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി അവന് പഠിച്ച വി ാഗത്തിൽ തന്നെ ജോലി നൽകി ഈശോ അനുഗ്രഹിച്ചു.

## യപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്

**കരോളി,** തെക്കിനിയത്ത് വീട്, ഒല്ലൂക്കര



ഞാൻ 2021ൽ യു. കെ. യിൽനിന്നും അപ്രതീക്ഷിത സാഹചര്യത്തിൽ നാട്ടിലേക്ക് വന്നത് വളരെ ദു:ഖത്തോടും ജീവിത പ്രതിസന്ധികളോടും കൂടിയായിരുന്നു. വീട്ടിൽ വന്നപ്പോൾ എന്റെ അമ്മ എന്നെ ജറുസലെമിൽ കൊണ്ടുവരികയും അമ്മയുടെ കൂട്ടുകാരി വഴിയായി പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. പട്ടത്തച്ചന്റെ നിർദ്ദേശപ്രകാരം ജറുസലെമിൽ ഒന്നരമാസം പ്രേഷിതശുശ്രൂഷ ചെയ്തപ്പോൾ ദൈവം അനുഗ്രഹിച്ച് മാൾട്ടയ്ക്ക് വിസ ല ിച്ചു. “ യപ്പെടേണ്ട; ഞാൻ നിന്നോട് കൂടെയുണ്ട്” എന്ന വചനത്തിന്റെ ശക്തിയാൽ ഞാൻ മാൾട്ടയ്ക്ക് പോവുകയും ചെയ്തു. എന്റെ ദു:ഖങ്ങൾ എടുത്തുമാറ്റി സന്തോഷം നൽകി വിദേശയാത്രയ്ക്ക് ഒരുക്കിയ നല്ല ദൈവമേ നന്ദിയേകുന്നു.

## ദൈവകൃപ സമൃദ്ധിയായി

**ആഷ്മി സൈമൺ,** മുല്ലക്കര ഹൗസ്, വരന്തരപ്പിള്ളി, പള്ളിക്കുന്ന്



ദൈവകൃപയാണ് എനിക്ക് ല ിച്ച ഉന്നതവിജയം എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എസ്. എസ്. എൽ. സി. പരീക്ഷയുടെ അവസാന പരീക്ഷാദിനത്തിൽ ഫുഡ് ഇൻഫെക്ഷൻ ആയിട്ട് ഛർദ്ദി മൂലം വല്ലാതെ ബുദ്ധിമുട്ടി. ജറുസലെമിലെ പരീക്ഷാവിജയ പ്രാർത്ഥനയിൽ പങ്കുകൊണ്ട് വെഞ്ചരിച്ച മിഠായി കഴിച്ച് പരീക്ഷയ്ക്ക് പോയി. പരിശുദ്ധ അമ്മയോട് പ്രത്യേകം പ്രാർത്ഥിച്ചിട്ടാണ് പരീക്ഷയ്ക്ക് പോയത്. പ്രാർത്ഥന കേട്ടനുഗ്രഹിച്ച നല്ല ദദൈവം ഫുൾ എ പ്ലസ് നൽകി എന്നെ അനുഗ്രഹിച്ചു. എല്ലാ വ്യാഴാഴ്ചയിലും നടക്കുന്ന പ്രാർത്ഥനാശുശ്രൂഷയിൽ പങ്കുകൊണ്ട് പ്രത്യേകം പ്രാർത്ഥിക്കാറുണ്ടായിരുന്നു. സമൃദ്ധമായ ദൈവകൃപയ്ക്ക് നന്ദിയേകുന്നു.

## കൃപയുടെ ഭവനമാണ് ജറുസലെം

**എൽസി,** മാപ്രാണത്തുകാരൻ ഹൗസ്, നന്തിപുലം



ദൈവകൃപ നിറഞ്ഞുനിൽക്കുന്ന ഈ വചന കൂടാരം അനേകരുടെ ആലംബമാണ്. പ്രാർത്ഥനാ സങ്കേതമാണ്. എനിക്ക് കൊറോണ വന്നതിൽ പിന്നെ ഓരോരോ രോഗങ്ങളുമായി ഞങ്ങൾ ഹോസ്പിറ്റലുകളിൽ മാറിമാറി പോയി ചികിത്സിച്ചെങ്കിലും കുറവ് ഉണ്ടായിരുന്നില്ല. ഞാൻ വചനകൂടാരത്തിൽ വന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി, കൃപയുടെ വനത്തിൽ വെള്ളിയാഴ്ചകളിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ അത്ഭുത സൗഖ്യം നൽകി ഈശോ അനുഗ്രഹിച്ചു. ഇടയ്ക്കിടയ്ക്ക് യൂറിൻ പോകുന്ന അസുഖമായിരുന്നു. ശുശ്രൂഷകളിൽ പങ്കെടുത്ത് അഞ്ച് ആഴ്ച കഴിഞ്ഞപ്പോഴേയ്ക്കും ഈശോ സൗഖ്യം നൽകിയനുഗ്രഹിച്ചു. ഇത്രയും വലിയ സൗഖ്യം തന്ന് എന്നെ അനുഗ്രഹിച്ചതിന് ജറുസലെംനാഥന് ആയിരമായിരം നന്ദി, സ്തുതി.

## പ്രാർത്ഥന കേൾക്കുന്ന ദൈവം

**ലാലി,** കുരിശിങ്കൽ ഹൗസ്, മണലിക്കാട്, മഠത്തുപടി പി. ഒ.



പ്ര ാ 42:20 ഇപ്രകാരമാണ്: “ഒരു ചിന്തയും അവിടുത്തേയ്ക്ക് അജ്ഞാതമല്ല. ഒരു വാക്കും കർത്താവിനു മറഞ്ഞിരിക്കുന്നില്ല” നമ്മുടെ ചിന്തകൾക്ക് പോലും ഉത്തരമേകുന്ന നല്ല ദൈവത്തിന് നന്ദിയേകുന്നു. ഞങ്ങൾക്ക് വർഷങ്ങളായി വീടു വെയ്ക്കുവാൻ സ്ഥലം ഉണ്ടായിരുന്നില്ല. വർഷങ്ങളായി ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഇപ്പോൾ ഞങ്ങൾക്ക് ഏഴ് സെന്റ് സ്ഥലം വാങ്ങുവാൻ സാധിച്ചു. ഞങ്ങളുടെ ഒരു വള നഷ്ടപ്പെട്ടിരുന്നു. അത് ഇവിടെ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി തിരിച്ചുകിട്ടി. യേശുവെ നന്ദി. യേശുവെ സ്തുതി.

# കൃപാവരപൂർണ്ണയായ പരിശുദ്ധ അമ്മ



സിനി ജോൺസൻ



ദൈവകൃപ നിറഞ്ഞവളും കൃപാപൂർണ്ണയുമാണ് പരിശുദ്ധ അമ്മ. അമ്മയുള്ള  വനങ്ങൾ ഐശ്വര്യത്തിന്റെ നിറകുടങ്ങളാണ്. ജപമാലയുയരുന്ന  വനങ്ങളിൽ സാത്താന് പ്രവേശിക്കാൻ സാധിക്കുകയില്ല. കൈയിലുള്ള ജപമാല നമുക്ക് ഒരായുധമാകുന്നതും അതുകൊണ്ടാണ്. അമ്മയോട് പറഞ്ഞാൽ തീരാത്ത പ്രശ്നങ്ങളില്ല. പരിശുദ്ധ അമ്മ കാരുണ്യത്തിന്റെ മാതാവാണ്. അമ്മയെക്കുറിച്ച് ചൊല്ലുന്ന ലുത്തിനിയകൾ ശ്രദ്ധിച്ചുരുവിടുമ്പോഴാണ് ദൈവകൃപയുടെ ആഴം നമുക്ക് മനസ്സിലാകുക. പരിശുദ്ധ അമ്മ അമലോത്ഭവയാണ്, സ്വർഗ്ഗാരോപിതയാണ്, ദൈവമാതാവാണ്, നമ്മുടെ അമ്മയാണ്. അമ്മയുടെ ജനനതിരുന്നാളാഘോഷിക്കുന്ന സെപ്റ്റംബർ 8-ാം തിയ്യതി മരിയമക്കളായ നമുക്ക് ആഹ്ലാദിക്കാം. പരിശുദ്ധ അമ്മയോട് പിറന്നാൾ സമ്മാനം ചോദിച്ചുവാങ്ങാം. നമ്മുടെ നിയോഗങ്ങളിൽ, കടബാധ്യതകളിൽ,  വനങ്ങളിൽ, മക്കളിൽ അനുഗ്രഹം നിറയുന്നതിനായി അമ്മയോട് പ്രാർത്ഥിക്കാം.

വി. ഫൗസ്റ്റീനയ്ക്ക് നൽകപ്പെട്ട ഒരു ദർശനത്തിൽ പരിശുദ്ധ അമ്മ ഇങ്ങനെ പറഞ്ഞു: ''ഞാൻ സ്വർഗ്ഗരാജ്ഞി മാത്രമല്ല കരുണയുടെ മാതാവും നിങ്ങളുടെ അമ്മയും കൂടിയാണ്ഞ്ഞ നമ്മുടെ നിയോഗങ്ങളിൽ ദൈവകരുണ നിറയ്ക്കുന്നത് പരിശുദ്ധ അമ്മയാണ്. അമ്മയുടെ വിമലഹൃദയത്തിലേയ്ക്ക് നമ്മുടെ  വനങ്ങളെ പൂർണ്ണമായും  രമേല്പിക്കാം. നമ്മുടെ കുടുംബങ്ങളിലെ ജീവിച്ചിരിക്കുന്നവരേയും മരണമടഞ്ഞ മാതാപിതാക്കൾ ഉൾപ്പെടെ മുൻതലമുറയിലുള്ള നമ്മുടെ പ്രിയപ്പെട്ടവരേയും ദൈവമാതാവിന് സമർപ്പിച്ച് ദൈവകൃപകൾ നേടിയെടുക്കാം.

പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ടാണ് നമ്മുടെ ശുശ്രൂഷകൾ ആരം ിക്കുന്നത് തന്നെ. ജപമാല പ്രാർത്ഥന അനുഗ്രഹത്തിന്റെ നിറകുടമാണ്. ആഗസ്റ്റ് മാസത്തിൽ നടന്ന ലോക യുവജനസംഗമത്തിന്റെ ആപ്തവാക്യം തന്നെ ''മറിയം എഴുന്നേറ്റ് തിടുക്കത്തിൽ യാത്രയായിഞ്ഞ എന്നതാണ്. ദൈവത്തിന്റെ പദ്ധതിയാണ് തന്റെ ജീവിതത്തിനുള്ള ഏറ്റവും നല്ല പദ്ധതിയെന്ന് മറിയത്തിന് ഉറപ്പുണ്ടായിരുന്നു. ആ ദൈവിക പദ്ധതിയുടെ അർത്ഥം മനസ്സിലാക്കിയതുകൊണ്ടാണ് എലിസബത്തിനെ സന്ദർശിക്കാൻ അമ്മ തിടുക്കത്തിൽ യാത്ര പുറപ്പെട്ടത്. തന്നേക്കാൾ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുന്ന അമ്മയുടെ സാന്നിധ്യം തന്നെ എലിസബത്തിന്റെ  വനത്തിൽ കൃപയായി നിറഞ്ഞു. എലിസബത്തിന്റെ  വനത്തിൽ വന്ന പരിശുദ്ധ അമ്മ നമ്മുടെ  വനങ്ങളുടെ, സ്ഥാപനങ്ങളുടെപ്രതിസന്ധിഘട്ടങ്ങളിലും ഓടിവരും, അപ്പോൾ നമുക്ക് പറയാൻ സാധിക്കണം ''അമ്മേ ഞാൻ പൂർണ്ണമായി അമ്മയുടേതാണ്. ഞങ്ങളെ കാത്തുരക്ഷിക്കണമേഞ്ഞ പരിശുദ്ധ അമ്മ കാത്തുപരിപാലിക്കുക തന്നെ ചെയ്യും. ഏവർക്കും പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ആശംസകൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

## ദൈവകൃപയും കൃപയുടെ  വനവും

https://www.youtube.com/jerusalemretreatcentrelive/live

പട്ടത്തച്ചൻ CMI



## സഹനപ്പൂക്കൾ

https://www.youtube.com/jerusalemretreatcentrelive/live

പട്ടത്തച്ചൻ CMI



## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും

എല്ലാ ദിവസവും 06.30 pm - 08.30 pm

ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും

## ഈശോയുടെ കൂടെ

TO BE WITH JESUS [FOR YOUTH]

ഫാ. സിജോ തയ്യാലക്കൽ CMI



## അഖണ്ഡ തിരുലിഖിത പാരായണം

സെപ്റ്റംബർ 5ന് (ചൊവ്വാഴ്ച)

രാവിലെ 5 മണി മുതൽ
രാത്രി 8 മണി വരെ

- ഏതെങ്കിലും മണിക്കൂറുകളിൽ വചനത്തോടു കൂടെയായിരിക്കുക.
- വചനം നിന്നെ സമ്പന്നനാക്കും.
- അഭിഷേകം ചെയ്യും. • ജ്ഞാനം പകരും.



മിഖായേൽ മാലാഖയുടെ രൂപത്തിന്റെ ആശീർവ്വാദവും പ്രതിഷ്ഠാ കർമ്മവും



ബൈബിൾ ഗ്രാമം ഗ്ലോബൽ ഉദ്ഘാടനം

## ജറുസലെം ശുശ്രൂഷകൾ സെപ്റ്റംബർ 2023

| | | |
|---|---|---|
| Aug. 31 - Sept. 3 -: | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (08.30 am) |
| Sept. 2 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 1.00 pm) |
| 5 | അഖണ്ഡ തിരുലിഖിത പാരായണം | (06.00 am - 8.00 pm) |
| 8 | മാതാവിന്റെ ജനനതിരുന്നാൾ കിരീട സമർപ്പണം | (06.00 am - 8.00 pm) |
| 21 - 24 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| 26 - 27 | ഉപവാസ വിടുതൽ ധ്യാനം | |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | കുമ്പസാരവും സ്പിരിചൽ കൗൺസിലിങ്ങും (എല്ലാ ദിവസവും) | (09.00 am - 12.00 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

October 21 - 24 യുവജനങ്ങളുടെ ധ്യാനം.

Retreat Booking No: 7025 152 530

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

## PRAYER LINE



Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ